# നിരൂപണങ്ങൾ അറിയുന്ന ദൈവം

## യിരെമ്യാവ് 29:11

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു, അവ തിന്മക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്."

ഭാവിജീവിതത്തെപ്പറ്റി ആകുലപ്പെടുന്നവരാണ് നാം എല്ലാവരും. ഭാവിയുടെ സുരക്ഷിതത്വത്തിനുവേണ്ടി സമ്പത്തും മറ്റും സ്വരൂപിച്ചുകൂട്ടുന്നതിന്റെ തിരക്കിലാണ് ഇന്നത്തെ ലോകം. എന്നാൽ നമ്മെ സൃഷ്ടിച്ച് ഈ ഭൂമിയിലാക്കിയ കർത്താവിന് നമ്മെക്കുറിച്ച് ഒരു പദ്ധതി ഉണ്ട്. നമ്മുടെ ഭാവിയെ അവിടുന്ന് നിരൂപിച്ചിട്ടുണ്ട്. വചനത്തിൽ പറയുന്നു "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു" എന്ന്. നമ്മെ സൃഷ്ടിച്ച ദൈവത്തെ അറിയാതെ ഭാവിക്കു വേണ്ടി സ്വരൂപിക്കുന്നതൊക്കെ നമ്മൾ നേടുമോ? നമ്മുടെ ഭാവി സുരക്ഷിതമാകുമോ? നാളെ എന്നത് നമ്മുടെ ആലോചനയാണോ? നാം ഓരോരുത്തരും ചിന്തിക്കണം.

സഹായം ആവശ്യമുള്ളവർക്ക് അത് നൽകാതെ സ്വാർത്ഥ താത്പര്യങ്ങൾക്ക് പിന്നാലെ നാം ഓടിയാൽ നമ്മുടെ ഭാവി എന്താകും. നമ്മുടെ ദൈവത്തെ അറിഞ്ഞ് അവന്റെ പദ്ധതികൾക്കായി നമ്മെ സമർപ്പിക്കുമ്പോൾ നമ്മുടെ ഭാവിയെ കർത്താവ് ഒരുക്കും. നമ്മുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും അവിടുന്ന് നമുക്ക് നൽകും. മക്കളുടെ നന്മയെ ആഗ്രഹിക്കുന്ന ഒരു കർത്താവാണ് നമുക്കുള്ളത്. ഈ ലോകത്തിന്റെ മോഹങ്ങളിലും വിചാരങ്ങളിലും വീണു പോകാതെ കർത്താവായ യേശുക്രിസ്തുവിൽ നമ്മെ സമർപ്പിക്കാൻ കഴിയണം. യഹോവ നമുക്കൊരുക്കിയിരിക്കുന്ന രക്ഷയെ നേടാൻ നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കണം. അതിനു നാം ആദ്യം ചെയ്യേണ്ടത് നമ്മെത്തന്നെ കർത്താവിൽ സമർപ്പിക്ക എന്നതാണ്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നതു പോലെ നമ്മുടെ ജീവിതത്തെ ഒരുക്കാൻ നമുക്ക് കഴിയണം. പാപത്തിന്റെ പാതയിൽ നിന്നു പിന്തിരിഞ്ഞ് വചനത്തിന്റെ പാതയിൽ നടക്കണം. മനുഷ്യർ ബലഹീനരാണ്, തെറ്റുകൾ സംഭവിക്കാം. എന്നാൽ അവയെ തിരിച്ചറിഞ്ഞ് ദൈവത്തോട് ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കണം, ഞാൻ എന്ന ഭാവത്തെ നാം ഉപേക്ഷിക്കണം. അപ്പോൾ നമ്മുടെ കർത്താവ് നമ്മോട് ക്ഷമിക്കും.

കഴിഞ്ഞകാല ജീവിതം എങ്ങനെയും ആകട്ടെ ഭൂതകാലത്തിലുണ്ടായ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെട്ട് നമ്മെ കർത്താവിന്നു വേണ്ടി സമർപ്പിക്കാം.

നമ്മെ സ്നേഹിക്കുന്ന പിതാവ് നമ്മെ വീണ്ടെടുക്കും. അവൻ നമ്മെ വെറുക്കുന്നില്ല. നാം നമ്മെ ഒരുക്കുന്നതിനൊപ്പം നമ്മുടെ കൂടെയുള്ളവരെക്കൂടി കർത്താവിന്റെ സ്നേഹത്തിലേക്ക് നയിക്കാം. അങ്ങനെ ജീവിക്കുമ്പോൾ നമ്മുടെ ഭാവി ദൈവം ശോഭനമാക്കും.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 139:23-24**

ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ, എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.

**സിസ്റ്റർ റീനു ജെയിംസ് കങ്ങഴ 002**